
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 മേയ് 25 | ദീപം 56 | നാളം 12 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ഇറാൻ-സൗദി കൂട്ടുകെട്ട് മധ്യപൂർവദേശത്തെ സമവാക്യങ്ങൾ മാറ്റിയെഴുതുമോ?





അഡ്വ. വി.സി. സെബാസ്റ്റ്യൻ

മധ്യപൂർവദേശത്ത് സൗഹൃദത്തിന്റെയും സമാധാനത്തിന്റെയും ശീതക്കാറ്റ് വീണ്ടും വീശുന്നു. ഇന്നലെവരെ പരസ്പരം പോരടിച്ച രാജ്യങ്ങൾ- ഇറാനും സൗദി അറേബ്യയും - ഇന്ന് ആലിംഗനം ചെയ്ത് അമ്പരപ്പിക്കുമ്പോൾ ലോകം ഞെട്ടിയത് ഇരുവരുടെയും ഒരുമയുടെ പുതുവഴികൾ കണ്ടല്ല; മറിച്ച്, പുത്തൻ സൗഹൃദക്കൂട്ടുകെട്ടിന്റെ ഇടനിലക്കാരനായി ചൈന മെനഞ്ഞ അപ്രതീക്ഷിത നയതന്ത്രം കണ്ടായിരുന്നു. അമേരിക്കയും റഷ്യയും കൈയടക്കിവച്ചിരുന്ന സൈനിക, സാമ്പത്തികമധ്യസ്ഥതയുടെ റോളിലേക്ക് ചൈന കടന്നുവന്നത് പലരുടെയും ചിന്തകൾക്കതീതമായി. അമേരിക്കയുടെ സൗദിബന്ധത്തിലെ ആനുകാലിക ഉലച്ചിലുകൾ ചൈന ബുദ്ധിപൂർവം സമർഥമായി ഉപയോഗിച്ചു. ഹിജാബ് രക്തപ്പുഴയിൽ താളംതെറ്റിവീണ് ആഭ്യന്തരകലാപത്തിന്റെ മൂർധന്യതയിൽ ലോകത്തിനുമുമ്പിലും സ്വന്തം രാജ്യത്തും പ്രതിരോധത്തിലായ തീവ്രമതഭരണകൂടമായ ഇറാന് ചൈനയെന്ന പുതിയ മധ്യസ്ഥനിലൂടെ തത്കാലം പിടിച്ചുനിൽക്കാനും അറബ് ബന്ധങ്ങളിൽ പുതിയ ചുവടുവയ്പ്പിനും അവസരമേകിയിരിക്കുകയാണ്. പതിറ്റാണ്ടുകളായി ഇറാനെ ശത്രുവായും സൗദി അറേബ്യയെ സഖ്യകക്ഷിയായുംകണ്ട് മധ്യപൂർവദേശത്ത് അമേരിക്ക നടപ്പാക്കിയ നയതന്ത്രത്തിനു കനത്ത തിരിച്ചടിയേകുന്നതാണ് ചൈനയുടെ പുതിയ ചുവടുവയ്പ്പ്.

**ഇറാനിലൊഴുകിയ ഹിജാബ് രക്തം**

ഇസ്ലാമികവിപ്ലവത്തിലൂടെ 1979 ൽ ഇറാനിൽ അധികാരം പിടിച്ചെടുത്ത ആയത്തൊള്ള ഖൊമേനിമാരുടെ മതഭരണത്തിനെതിരേ 'ഏകാധിപത്യം തുലയട്ടെ, ഞങ്ങൾക്കുവേണം സ്വാതന്ത്ര്യ'മെന്ന് മുദ്രാവാക്യങ്ങളുയർത്തി ആയിരക്കണക്കിനു സ്ത്രീകൾ തെരുവിലിറങ്ങി ആഭ്യന്തരകലാപത്തിലേക്കു നീങ്ങിയത് 2022 സെപ്തംബറിലാണ്. 2021 ഓഗസ്റ്റ് 3 ന് ഇറാൻ പ്രസിഡന്റുപദവിയിലേറിയ ഇബ്രാഹിം റെയ്സി നിയമങ്ങൾ നിഷ്ഠൂരം അടിച്ചേല്പിക്കുന്നതിനും ഏകാധിപത്യത്തിന്റെ മറവിൽ സ്ത്രീകളെ കൂച്ചുവിലങ്ങിട്ടു കൂട്ടിലടയ്ക്കുന്നതിനുമെതിരേയുള്ള ജനരോഷം ആയിരക്കണക്കിനു യുവത്വങ്ങളുടെ ജീവനെടുത്തു രക്തപ്പുഴയൊഴുക്കി കറുത്ത അധ്യായം ഇറാനിൽ സൃഷ്ടിച്ചു. ഇസ്ലാം മതനിയമങ്ങൾ സൃഷ്ടിക്കുന്ന അടിച്ചമർത്തലുകളിൽനിന്നും ഭീകരവാദത്തിൽനിന്നും രക്ഷനേടി കരകയറാൻ പുതുതലമുറ ചിന്തിയ രക്തം ഇതുവരെ ഉണങ്ങിയിട്ടില്ല. ഏതുസമയവും ആഭ്യന്തരയുദ്ധമായി കൂടുതൽ കരുത്തോടെ ഇനിയും ജനരോഷം ആഞ്ഞടിക്കുമെന്ന് ഇറാൻ മതഭരണകൂടം ഭയപ്പെടുന്നു.

ഹിജാബ് ധരിക്കാത്തതിന്റെ പേരിൽ പോലീസ് കസ്റ്റഡിയിലെടുത്ത മഹ്സ അമിനിയെന്ന ഇരുപത്തിരണ്ടുകാരിയുടെ നിഷ്ഠൂര കസ്റ്റഡികൊലപാതകം സൃഷ്ടിച്ച ഭരണ മതവിരുദ്ധവികാരത്തിന്റെ അലയൊലികൾ ആഭ്യന്തര അസ്വസ്ഥതയായി തുടരുകമാത്രമല്ല 1979 ൽ സ്ഥാപിതമായ ഇസ്ലാമിക് റിപ്പബ്ലിക്കിന്റെ അവസാനം കുറിക്കുമെന്നും സൂചനകളേറെ.

'ഞങ്ങൾക്കു പള്ളിയും വേണ്ട ഖുറാനും വേണ്ട' എന്നുയർത്തുന്ന മുദ്രാവാക്യങ്ങൾ മതംമാറ്റത്തിന്റെ മറ്റൊരു അവസ്ഥയിലേക്കും ഇറാന്റെ വിവിധ കോണുകളിലേക്കു വ്യാപിക്കുമ്പോഴാണ് ഇറാൻ പുത്തൻ നയതന്ത്രവുമായി അറബ് കൂട്ടായ്മയിൽ ചേക്കേറാൻ തലതാഴ്ത്തി മുന്നോട്ടുവന്നത്. 1979 വരെ ഭരണം നടത്തിയ ഷാ ഭരണകൂടത്തിനു വിവിധ പാശ്ചാത്യ രാജ്യങ്ങളുമായുണ്ടായിരുന്ന ബന്ധങ്ങൾ മുഴുവൻ അട്ടിമറിച്ച് അധികാരത്തിൽ തുടർന്ന ആയത്തൊള്ള ഖൊമേനിമാർക്കു പിടിച്ചുനിൽക്കാനായി കിട്ടിയ ഒരു കച്ചിത്തുരുമ്പാണ് സൗദി അറേബ്യയുമായുള്ള പുനഃസമാഗമനം. ഒരിക്കലും പ്രതീക്ഷിക്കാത്ത ചൈന ഇതിനു നയതന്ത്ര ഇടനിലക്കാരനുമായി. ഒരു കമ്മ്യൂണിസ്റ്റ് ഏകാധിപത്യരാജ്യം രണ്ട് തീവ്രമത ഏകാധിപത്യ രാജ്യങ്ങളുടെ ഇടനിലക്കാരനാവുന്ന വൈരുധ്യം മുസ്ലീംരാജ്യങ്ങളുടെ ആഭ്യന്തരവിപണി ലക്ഷ്യം വയ്ക്കുന്നു. ഇതു കച്ചവടക്കണ്ണുമാത്രമാണെന്നു സൂചിപ്പിക്കാതെ തരമില്ല.

**ചൈനയുടെ സൗദി-ഇറാൻ നയതന്ത്രം**

2022 ഡിസംബറിൽ സൗദിയുടെ തലസ്ഥാനമായ റിയാദിൽ ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിങ് സൗദി കിരീടാവകാശിയായ മുഹമ്മദ് ബിൻ സൽമാന്റെ നേതൃത്വത്തിൽ 21 അറബ് ലീഗ് രാജ്യങ്ങളുമായി നടന്ന കൂടിക്കാഴ്ചയെത്തുടർന്ന് സൗദി-ഇറാൻ സൗഹൃദം ചൈനയുടെ മധ്യസ്ഥതയിൽ കൂടുതൽ സജീവമായി. 2021 ൽ ഇറാഖിലും പിന്നീട് ലബനനിലും നടന്ന ചർച്ചകളും ഇതിന് ആധാരമായിട്ടുണ്ടെങ്കിലും 2022 സെപ്തംബറിൽ ഇറാനിലൊഴുകിയ ഹിജാബ് രക്തപ്പുഴ മതമൗലികഭരണത്തിന്റെ നിലനില്പുതന്നെ ചോദ്യംചെയ്യപ്പെടുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചത് ചർച്ചകൾക്കു വേഗംകൂട്ടി. നിരവധി രാജ്യാന്തര ഉപരോധങ്ങൾ നേരിടുമ്പോഴും അടിച്ചേല്പിക്കുന്ന മതഭരണം അട്ടിമറിക്കപ്പെടുന്ന സാധ്യതകൾ മുന്നിൽക്കണ്ട് അനുരഞ്ജനത്തിന്റെ വഴിയൊരുക്കിയുള്ള ഇറാന്റെ കീഴടങ്ങൽ മധ്യപൂർവദേശത്തിന്റെ ചരിത്രം വരുംനാളുകളിൽ ഒരുപക്ഷേ, മാറ്റിമറിച്ചേക്കാം. ഏഴു വർഷം നീണ്ട സംഘർഷങ്ങൾക്കുശേഷമുള്ള സമാധാനപദ്ധതികൾക്ക് സൗദിയുടെ ഭാഗത്തുനിന്നുള്ള താത്പര്യം ചൈന ഇറാനെ അറിയിച്ചതോടെയാണ് പുത്തനുണർവു കൈവരിച്ചത്. 2023 ഫെബ്രുവരിയിൽ ഇറാൻ പ്രസിഡന്റ് ഇബ്രാഹിം റെയ്സി വ്യാപാര, സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവുമായി ചൈന സന്ദർശിച്ചെങ്കിലും പ്രധാന ഉദ്ദേശ്യം സൗദി-ഇറാൻ ബന്ധം പുനഃസ്ഥാപിക്കുകയായിരുന്നു. 2003 നുശേഷം ചൈന സന്ദർശിക്കുന്ന ആദ്യ ഇറാൻ പ്രസിഡന്റാണ് റെയ്സി.

**ഷിയാ-സുന്നി സംഘർഷങ്ങൾ**

ഇസ്ലാമിനുള്ളിലെ രണ്ടു വ്യത്യസ്ത വിഭാഗങ്ങളാണ് സൗദിയിലും ഇറാനിലും ശക്തമായിട്ടുള്ളത്. ഇറാനിൽ ഭൂരിപക്ഷം ഷിയാ മുസ്ലീമുകളും സൗദിയിൽ സുന്നികളുമാണ്. ഈ രണ്ടു മുസ്ലീം വിഭാഗങ്ങളും തമ്മിൽ നടക്കുന്ന തമ്മിലടിയാണ് മധ്യപൂർവദേശത്തെ സംഘർഷങ്ങളുടെ മുഖ്യകാരണം. ഇവരെ രണ്ടുകൂട്ടരെയും ഒരുമിച്ചു ചേർത്തുനിർത്തിയാണ് ചൈനയുടെ നയതന്ത്ര അരങ്ങേറ്റം.

2016 ൽ ഷിയ മതമേധാവി നിമ്ര അൽ നിമ്രയെ സൗദി വധശിക്ഷയ്ക്കു വിധിച്ചപ്പോൾ വിവിധരാജ്യങ്ങളിൽവൻപ്രതിഷേധമുയർന്നു. തുർക്കി, ലബനൻ, ബഹ്റൈൻ തുടങ്ങി ഒട്ടേറെ രാജ്യങ്ങളിൽ അക്രമങ്ങൾ അരങ്ങേറി. മക്ക, മദീനയടക്കം മുസ്ലീം പുണ്യസ്ഥലങ്ങളുടെ രാജ്യമെന്ന നിലയിൽ സൗദിക്കുണ്ടായിരുന്ന മുസ്ലീം അപ്രമാദിത്വത്തെ 1979 ലെ ഇസ്ലാമികഭരണത്തോടെ ഇറാൻ ചോദ്യം ചെയ്തിരുന്നു. വിവിധ രാജ്യങ്ങളിലെ ഷിയ മുസ്ലീമുകളെ സുന്നികൾക്കെതിരെ അണിനിരത്താൻ വൻസഹായങ്ങളും നൽകി. ഇറാൻ-ഇറാഖ് യുദ്ധകാലത്ത് സൗദി സദ്ദാം ഹുസൈനോടൊപ്പമായിരുന്നു. 1991 ൽ പിന്നീട് ഇരുരാജ്യങ്ങളും സഹകരിച്ചു. 2003 ൽ സദ്ദാംഹുസൈനെ പുറന്തള്ളി, ഇറാഖിൽ ഷിയ ഭരണം വന്നപ്പോൾ സൗദി അകന്നു. ബഹ്റൈൻ, സിറിയ, യെമൻ, ടുണീഷ്യ എന്നീ രാജ്യങ്ങളിലും സുന്നി-ഷിയ തമ്മിലടികൾക്കുപിന്നിൽ സൗദിയും ഇറാനുമാണ് പണവും ബലവുമേകിയത്. അതിനാൽത്തന്നെ ഇവർതമ്മിലുള്ള സമാധാനക്കരാർ നിലനിന്നാൽ മേല്പറഞ്ഞ വിവിധ രാജ്യങ്ങളിലും സമാധാനം സൃഷ്ടിക്കപ്പെടാം.

ലോകപൊലീസാകാൻ ചൈന! ▶8


പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ
പുതിയ ഷോറൂം
പ്രവർത്തനമാരംഭിച്ചിരിക്കുന്നു.
St. Thomas
Art Gallery
സെന്റ് തോമസ്
ആർട്ട് ഗാലറി
കലയുടെ കലവറ
വിവിധതരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരം.
വാട്ടർകളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പരമ്പരാഗത ക്രൈസ്തവകലാരൂപങ്ങൾ, ഛായാചിത്രങ്ങൾ, പ്രകൃതിദൃശ്യങ്ങൾ.
ദേവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോഫ്രെയിമുകളും

# ദി കർണാടക റിയൽ സ്റ്റോറി



**പ്രഫ. റോണി കെ. ബേബി**

**രാ**ജ്യം ആകാംക്ഷയോടെ കാത്തിരുന്ന കർണാടക നിയമസഭാ തിരഞ്ഞെടുപ്പുഫലം പുറത്തുവന്നു. ആവേശം നിറഞ്ഞ പോരാട്ടത്തിനൊടുവിൽ ബിജെപിയെ തറപറ്റിച്ചുകൊണ്ട് കോൺഗ്രസ് അധികാരത്തിലെത്തി. 2018 നുശേഷം കോൺഗ്രസ് ഇന്ത്യയിൽ ഒരു വലിയ സംസ്ഥാനത്ത് അധികാരത്തിലെത്തുന്നത് കർണാടകയിലാണ് എന്ന പ്രത്യേകതയും ഈ തിരഞ്ഞെടുപ്പുഫലത്തിനുണ്ട്.

കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഒരു ജീവന്മരണപോരാട്ടമായിരുന്നു കർണാടകയിൽ നടന്നത്. ഈ തിരഞ്ഞെടുപ്പിലും പരാജയപ്പെട്ടിരുന്നുവെങ്കിൽ രാജ്യത്ത് കോൺഗ്രസിന്റെ ഭാവിതന്നെ ചോദ്യം ചെയ്യപ്പെടുമായിരുന്നു. ബിജെപിക്കെതിരേ അന്തിമപോരാട്ടത്തിനു തുടക്കംകുറിച്ചു എന്നു പ്രഖ്യാപിച്ച ഭാരത് ജോഡോയാത്രയ്ക്കുശേഷം രാഹുൽഗാന്ധി നേരിട്ട കടുത്ത വെല്ലുവിളിയായിരുന്നു കർണാടകതിരഞ്ഞെടുപ്പ്. കർണാടകയിലും രാഹുൽ ഗാന്ധി പരാജയപ്പെട്ടാൽ അദ്ദേഹത്തിന്റെ നിലനില്പിനെത്തന്നെ അതു ബാധിക്കുമായിരുന്നു.

നിരവധി പ്രതികൂലസാഹചര്യങ്ങൾക്കിടയിലാണ് കോൺഗ്രസ് കർണാടകയിൽ അഭിമാനകരമായ വിജയം നേടിയത് എന്നതു ശ്രദ്ധേയമാണ്. കടുത്ത ഭരണവിരുദ്ധവികാരം കർണാടകയിലെ ബസവരാജ് ബൊമ്മ സർക്കാരിനെതിരേ നിലവിലുണ്ടായിരുന്നെങ്കിലും അതിനെയൊക്കെ മറികടക്കുന്നതിനുള്ള കൃത്യമായ ആസൂത്രണവും നിർവഹണവുമായിരുന്നു ബിജെപി നടത്തിയത്. തിരഞ്ഞെടുപ്പുപ്രചാരണസമയത്ത് ഭൂരിപക്ഷമതവികാരം ആളിക്കത്തിക്കുന്നതിനുള്ള നിരവധി ശ്രമങ്ങൾ ബിജെപിയുടെ ഭാഗത്തുനിന്നുണ്ടായി.



വർഗീയസ്വഭാവമുള്ള എല്ലാത്തരം സംഘടനകളെയും തങ്ങൾ അധികാരത്തിലെത്തിയാൽ നിരോധിക്കുമെന്ന കോൺഗ്രസ് പ്രകടനപത്രിയിലെ പ്രഖ്യാപനം ബജരംഗ്ദൾ എന്ന സംഘപരിവാർ സംഘടനയെ ലക്ഷ്യം വച്ചുകൊണ്ടാണെന്നു പ്രചരിപ്പിച്ചുകൊണ്ട് മതവികാരം ആളിക്കത്തിക്കാൻ ബിജെപി ആവതും ശ്രമിക്കുകയുണ്ടായി.

പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത പൊതുസമ്മേളനങ്ങൾപോലും ആരംഭിച്ചത് ജയ് ഭജരംഗ് ബലി എന്ന മുദ്രാവാക്യം വിളിയോടെ ആയിരുന്നു. തിരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പ് ആയിരക്കണക്കിനു ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഹനുമാൻ ചാലിസ് ചൊല്ലി വർഗീയധ്രുവീകരണത്തിന് ബിജെപിയും സംഘപരിവാർ സംഘടനകളും ശ്രമിക്കുകയുണ്ടായി.

ശേഷം 13-ാം പേജിൽ

# ഒരിക്കൽ ഓൾറൗണ്ടർ ഇപ്പോൾ റൺഔട്ട്



**തോമസ് കുഴിഞ്ഞാലിൽ**

**ക്രി**ക്കറ്റ് ലോകത്തെ എക്കാലത്തെയും മികച്ച ഓൾറൗണ്ടർമാരിൽ ഒരാളും പാക്കിസ്ഥാന്റെ മുൻപ്രധാനമന്ത്രിയുമായ ഇമ്രാൻഖാൻ ഈ മാസം ഒമ്പതാം തീയതി വിവിധ അഴിമതിക്കേസുകളിൽ അറസ്റ്റിലായി.

2018 മുതൽ 2022 വരെയുള്ള നാലു വർഷം പാക്കിസ്ഥാൻ പ്രധാനമന്ത്രിയായിരിക്കേ, അദ്ദേഹത്തിന്റെ ഒരു സുഹൃത്തിന്റെയും ഭാര്യയുടെയും പേരിലുള്ള 'അൽ ഖാദിർ ട്രസ്റ്റി'ന് ശതകോടീശ്വരനായ മാലിക് റിയാസിൽനിന്നു ലഭിച്ച ഭൂമിയിടപാടിൽ പൊതുഖജനാവിന് ഭീമമായ നഷ്ടമുണ്ടായതാണ് പ്രധാന ആരോപണം. ബഹ്റിയ ടൗൺ റിയൽ എസ്റ്റേറ്റ് എന്ന ഭീമൻ കമ്പനിയുടെ ഉടമയായ റിയാസിൽനിന്ന് 190 ദശലക്ഷം പൗണ്ട് (ഏകദേശം 6,000 കോടി പാക്കിസ്ഥാൻ രൂപ) പിടികൂടിയിരുന്നു. ഈ തുക നിയമപ്രകാരം രാജ്യത്തിനു കൈമാറാതെ റിയാസിനു തന്നെ തിരികെനൽകാൻ ഇമ്രാൻ ഉത്തരവിട്ടതായി 'നാഷണൽ അക്കൗണ്ടബിലിറ്റി ബ്യൂറോ' (എൻഎബി) കണ്ടെത്തി. ഇതിനു പ്രത്യുപകാരമായി 700 കോടിയോളം രൂപ വിലമതിക്കുന്ന 35 ഹെക്ടർ ഭൂമി അൽ ഖാദിർ ട്രസ്റ്റിന് റിയാസ് നൽകിയെന്നാണ് കേസ്. അധികാരത്തിലിരിക്കെത്തന്നെ വിദേശത്തുനിന്നു ലഭിച്ച വിലയേറിയ അനേകം സമ്മാനങ്ങൾ കുറഞ്ഞ വിലയ്ക്കു സ്വന്തമാക്കി കൂടിയ വിലയ്ക്കു മറിച്ചുവിറ്റുവെന്ന 'തോഷ ഖാന' കേസിൽ മറ്റൊരു കോടതിയും ഇമ്രാനെതിരേ കുറ്റം ചുമത്തി. ഈ കേസിൽ ഇക്കഴിഞ്ഞ മാർച്ച് 14 ന് ഇമ്രാനെ അറസ്റ്റു ചെയ്യാൻ ലാഹോറിലെ വീട്ടിലെത്തിയ പോലീസിനെ അദ്ദേഹത്തിന്റെ അനുയായികൾ കല്ലെറിഞ്ഞോടിക്കുകയായിരുന്നു. അഴിമതി, മതനിന്ദ, കൊലപാതകം, ഭീകരപ്രവർത്തനം, അക്രമങ്ങൾക്കു പ്രേരണ നൽകൽ തുടങ്ങിയ 140 ലേറെ കുറ്റങ്ങളാണ് ഇമ്രാനുമേൽ ചുമത്തിയിട്ടുള്ളത്.

**ക്രിക്കറ്റ് പിച്ചിൽനിന്ന് പ്രധാനമന്ത്രിക്കസേരയിലേക്ക്**

1992 ലെ ലോകകപ്പു ക്രിക്കറ്റുമത്സരത്തിൽ പാക്കിസ്ഥാനെ വിജയത്തിലേക്കു നയിച്ച ഇമ്രാൻഖാൻ, 1996 ൽ 'പാക്കിസ്ഥാൻ തെഹ്‌രികെ. ഇസാഫ്' (പി റ്റി ഐ) എന്ന രാഷ്ട്രീയ പാർട്ടിക്കു രൂപം നൽകി.

2002 ലെ തിരഞ്ഞെടുപ്പിൽ ഒരു സീറ്റു നേടി തന്റെ സാന്നിധ്യമറിയിച്ച ഇമ്രാൻഖാൻ, 2018 ലെ തിരഞ്ഞെടുപ്പിൽ പിറ്റിഐയെ ദേശീയ അസംബ്ലിയിലെ ഏറ്റവും വലിയ കക്ഷിയാക്കി വളർത്തിയെടുത്തു. ഏതാനും സ്വതന്ത്രരെ കൂട്ടുപിടിച്ചു രൂപീകരിച്ച സർക്കാരിന്റെ തലവനായി ഇമ്രാൻ പ്രധാനമന്ത്രിപദമേറ്റെടുത്തു. പക്ഷേ, ക്രിക്കറ്റിൽ നേടിയ വിജയങ്ങളും ജനപ്രീതിയും രാഷ്ട്രീയക്കളത്തിൽ നേടിയെടുക്കാൻ ഇമ്രാനു കഴിയാതെപോയി. കൊവിഡ്-19 കാലത്ത് രാജ്യം നേരിട്ട സാമ്പത്തികപ്രതിസന്ധിയും പണപ്പെരുപ്പവും കൈകാര്യം ചെയ്യുന്നതിൽ ഇമ്രാൻ പരാജയപ്പെട്ടത് ജനപ്രീതിയിൽ വലിയ ഇടിവാണു വരുത്തിയത്. രൂപയുടെ മൂല്യം ഇടിഞ്ഞതും വിദേശ കരുതൽശേഖരം ശോഷിച്ചതും തിരിച്ചടികളായി. 2022 ഏപ്രിലിൽ അവിശ്വാസപ്രമേയത്തിലൂടെ പുറത്താക്കപ്പെടുമ്പോൾ ഇത്തരത്തിൽ നാണംകെട്ട് ഇറങ്ങിപ്പോകുന്ന ആദ്യ പാക് പ്രധാനമന്ത്രിയെന്ന ചീത്തപ്പേരും സമ്പാദിച്ചു. ഏറ്റുമുട്ടലോ രക്തച്ചൊരിച്ചിലോ ഇല്ലാതെ പാർലമെന്ററിനടപടികളിലൂടെയാണ് ഇമ്രാൻ പുറത്തായതെന്നതും പാക്കിസ്ഥാനെ സംബന്ധിച്ച് വ്യത്യസ്തതയാണ്.



**സൈനികനേതൃത്വത്തെ വിമർശിച്ചത് വിനയായി**

പ്രധാനമന്ത്രിയായശേഷമുള്ള ആദ്യമൂന്നുവർഷം സൈനികനേതൃത്വവുമായി സമരസപ്പെട്ട് രാജ്യം ഭരിച്ച ഇമ്രാൻ ഖാന്, കാലക്രമേണ സൈന്യത്തിന്റെ പിന്തുണ നഷ്ടപ്പെട്ടതോടെയാണ് തിരിച്ചടികൾ നേരിടേണ്ടിവന്നത്. ഏതാനും സൈനിക ജനറൽമാരുടെ നിയമനവുമായി ബന്ധപ്പെട്ടായിരുന്നു എതിർപ്പുകളുടെ തുടക്കം. 1947 മുതലുള്ള പാക്കിസ്ഥാന്റെ 76 വർഷത്തെ ചരിത്രത്തിൽ പകുതിയിലേറെക്കാലവും സൈനികനേതൃത്വമാണു രാജ്യം ഭരിച്ചത്. രാജ്യം നേരിടുന്ന ഏതൊരു വിഷയത്തിലും സൈന്യത്തിന്റെ ഇടപെടലുണ്ടാകും.

ശേഷം 10-ാം പേജിൽ

കാഴ്ചയ്ക്കപ്പുറം

■ വീയെൻ

# പ്രണയത്തിന്റെ കേരളസ്റ്റോറികൾ

മനുഷ്യവംശത്തിന്റെ ആരംഭകാലംമുതൽ ഉള്ളതും മനുഷ്യവംശം ഈ ഭൂമിയിൽനിന്ന് തുടച്ചുനീക്കപ്പെടുന്നതുവരെ ഉണ്ടായിരിക്കുമെന്ന് ഉറപ്പുള്ളതുമായ ഒന്നാണ് സ്ത്രീപുരുഷപ്രണയം. സ്ത്രീയും പുരുഷനും പ്രണയിക്കാനും ആ പ്രണയത്തിൽ ജീവിക്കാനും വിളിക്കപ്പെട്ടവരാണ്. സ്ത്രീപുരുഷാകർഷണമാണ് ഈ ലോകത്തിന്റെ നിലനില്പിനുതന്നെ അടിസ്ഥാനമായി മാറിയിരിക്കുന്നത്. ഈ പരസ്പരാകർഷണം എന്നു നഷ്ടപ്പെടുന്നുവോ അന്നുമുതൽ ഭൂമി ഊഷരമായിത്തുടങ്ങും.

കുടുംബജീവിതം എന്ന വ്യവസ്ഥാപിത ചട്ടക്കൂടിൽ മാത്രം ഒതുങ്ങിനില്ക്കുന്നതോ അല്ലെങ്കിൽ അവിടേക്കുള്ള പ്രവേശനകവാടത്തിൽമാത്രം അനുവദിക്കപ്പെട്ടിരിക്കുന്നതോ ആയ വികാരമൊന്നുമല്ല പ്രണയം. ചിലർ വിവാഹത്തിനുശേഷം പ്രണയിക്കുമ്പോൾ മറ്റു ചിലരാകട്ടെ പ്രണയിച്ചതിനുശേഷമാണു വിവാഹത്തിലൊന്നിക്കുന്നത്.

പ്രണയത്തെക്കുറിച്ചുള്ള സങ്കല്പങ്ങളും പ്രണയത്തിലകപ്പെട്ടിരിക്കുന്നവരുടെ മനോഭാവങ്ങളനുസരിച്ച് പ്രണയത്തിന്റെ ഭാവിയും മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്. പണ്ടുകാലങ്ങളിലെ സിനിമകളിൽ കണ്ടുവന്നിരുന്ന പൊതുരീതി പ്രണയിനികളെത്തമ്മിൽ വിധി അകറ്റുന്നതായിരുന്നു. മതപരവും സാമൂഹികവും സാമ്പത്തികവുമായ പൊതുകാരണങ്ങൾകൊണ്ട് പ്രണയത്തിൽ ഒന്നിക്കപ്പെട്ടുവെങ്കിലും വിവാഹത്തിലോ കുടുംബജീവിതത്തിലോ അവർക്ക് ഒന്നായിത്തീരാൻ കഴിയുന്നില്ല. ചെമ്മീനിലെ പരീക്കുട്ടിയും കറുത്തമ്മയുംമുതൽ എന്ന് നിന്റെ മൊയ്തീനും മൊയ്തുവും കാഞ്ചനമാലയുംവരെയുള്ളവരുടെ കഥ അതാണ് വെളിപ്പെടുത്തിയത്. സാഹചര്യവും വ്യക്തിയും സാമൂഹികാന്തസ്സും പദവിയും സമ്പത്തുമെല്ലാം വില്ലനായി മാറി അവരുടെ പ്രണയം സാക്ഷാത്കരിക്കപ്പെടാതെ പോകുന്നു. തപ്തപ്രണയത്തിന്റെ നഷ്ടഗീതങ്ങളുമായി ഗതികിട്ടാതെ പ്രണയാത്മാക്കളായി അവർ പിന്നീട് മരണംവരെ അലഞ്ഞുതിരിയേണ്ടിവരുന്നു.

ഇതിനു സമാന്തരമായി താത്കാലികസുഖത്തിനുവേണ്ടി പ്രണയം നടിച്ചു പെൺകുട്ടിയെ വശീകരിച്ചു വശത്താക്കുകയും ബാധ്യതയാകുകയോ പുതുമ നഷ്ടപ്പെടുകയോ ചെയ്യുമ്പോൾ അവളെ ഉപേക്ഷിക്കുകയും ചെയ്യുന്ന രീതിയും കണ്ടുവരുന്നുണ്ട്. പ്രണയിച്ചു വഞ്ചിക്കപ്പെട്ട കഥാപാത്രങ്ങളായി, ഒടുവിൽ ആത്മഹത്യവരെ ചെയ്യേണ്ടവരായി മാറുന്ന എത്രയോ നടിമാരെ നാം ഇതിനകം കണ്ടുമുട്ടിയിരിക്കുന്നു. ഇതേ വിഷയം കൈകാര്യം ചെയ്തിരിക്കുന്ന എത്രയോ സിനിമകൾ. താളം തെറ്റിയ താരാട്ട് പോലെ 1980 കളിൽ ഇറങ്ങിയ സിനിമകളാണ് പെട്ടെന്നു മനസ്സിലേക്കു കടന്നുവരുന്നത്.

കുറെക്കൂടി മുന്നോട്ടുപോയിക്കഴിയുമ്പോൾ പ്രണയിനിയെ തന്റെ കരിയറിന്റെ വളർച്ചയ്ക്കും നേട്ടത്തിനും വേണ്ടി മേലാളനു പങ്കുവയ്ക്കുന്നവരെയാണ് കണ്ടുമുട്ടുന്നത്. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമായിരുന്നു 22 ഫീമെയിൽ കോട്ടയം എന്ന ആഷിഖ് അബു ചിത്രം.

ബാംഗ്ലൂരിൽ നേഴ്സിങ് പഠിക്കാൻ പോവുന്ന ടെസയുടെ ജീവിതത്തിൽ സംഭവിക്കുന്ന പ്രണയം അവളെ പിന്നീട് ഏതെല്ലാം ദുരന്തങ്ങളിലെത്തിച്ചുവെന്നാണ് ഈ ചിത്രം പറയുന്നത്. സിറിൾ എന്ന യുവാവാണ് അവളുടെ ഭാവി നശിപ്പിച്ചത്. തന്റെ ബോസിന് അവളെ വിട്ടുകൊടുക്കുന്നതുപോരാഞ്ഞ് അവളുടെ ബാഗിൽ മയക്കുമരുന്നുവച്ച് അവളെ അയാൾ ജയിലിലാക്കുകപോലും ചെയ്യുന്നുണ്ട്. അവൾ തനിക്കൊരു ശല്യവും ഭീഷണിയുമാകുമെന്നു മനസ്സിലാക്കിക്കൊണ്ടായിരുന്നു അത്.

മധ്യകേരളത്തിൽനിന്നു നേഴ്സിങ്ങിനായി ബാംഗ്ലൂരിലെത്തുന്ന ക്രൈസ്തവപെൺകുട്ടികളെ അപമാനിക്കുന്ന സിനിമയാണ് ഇതെന്നായിരുന്നു ഒരുവിഭാഗം ആളുകൾ അന്ന് ഈ സിനിമയ്ക്കെതിരേ ശബ്ദിച്ചത്. എല്ലാ കത്തോലിക്കാപ്പെൺകുട്ടികളും ടെസയെപ്പോലെ, വീടുവിട്ടാൽ കാമുകന്മാർക്കൊപ്പം ഉപാധികളില്ലാതെ കിടക്ക പങ്കിടുന്നവരാണെന്ന ചിന്ത സ്ഥാപിച്ചെടുക്കാൻ ഈ സിനിമ അറിഞ്ഞോ അറിയാതെയോ ശ്രമിച്ചുവെന്നതും സത്യംതന്നെ.

പ്രണയത്തിൽ ഒന്നിക്കാൻ സാധിക്കാതെവരുമ്പോൾ ചിലപ്പോൾ മറ്റൊരു വിവാഹം കഴിക്കാനോ അല്ലെങ്കിൽ ഒറ്റയ്ക്കു ജീവിക്കാനോ ഇനി അതുമല്ലെങ്കിൽ പ്രണയം മൂത്ത് ഒരുമിച്ചുള്ള ആത്മാഹൂതിയോപോലെയുള്ള ഓപ്ഷൻസ് തിരഞ്ഞെടുത്തിരുന്ന ഒരു കാലം പതുക്കെ വിസ്മൃതിയിലാണ്ടുകൊണ്ടിരിക്കുന്നുവെന്നതാണ് പുതിയ ട്രെൻഡ് വെളിപ്പെടുത്തുന്നത്.

താത്കാലികഭ്രമങ്ങൾ അവസാനിച്ചുകഴിയുമ്പോൾ, അല്ലെങ്കിൽ വ്യക്തിത്വപ്രത്യേകതകൾകൊണ്ട് ഒരുമിച്ചു മുന്നോട്ടുപോകാൻ കഴിയില്ലെന്നു തിരിച്ചറിയുമ്പോൾ സലാം പറഞ്ഞു പിരിയുന്ന, പിന്നീട് വേണമെങ്കിൽ വെറും സുഹൃത്തുക്കളായി മാറുന്ന ഒരു രീതി ഇന്നു നിലവിലുണ്ട്. എന്നാൽ, പ്രണയിതാക്കളിൽ ഒരാൾ ഇങ്ങനെ മാറുന്നത് അംഗീകരിച്ചുകൊടുക്കാൻ കഴിയാത്തവരുമുണ്ട്.

പ്രണയപ്പക എന്നു നമ്മുടെ മാധ്യമങ്ങൾ ചാർത്തിക്കൊടുത്ത ജുഗുപ്സാവഹമായ മാനസികപ്രത്യേകത അതാണു വ്യക്തമാക്കുന്നത്. അതിന്റെ തെളിവാണ്, എനിക്കു കിട്ടിയില്ലെങ്കിൽ നിന്നെ മറ്റാർക്കും കിട്ടണ്ടായെന്ന മട്ടിൽ പ്രണയിനിയെ വെട്ടിക്കൊലപ്പെടുത്തുന്നതുമുതൽ ആസിഡ് ആക്രമണംവരെയുള്ള സംഭവങ്ങൾ.

പൂർവകാമുകന്മാരുടെ ഇത്തരം വിളയാട്ടങ്ങൾക്കുമുമ്പിൽ ജീവനും ജീവിതവും നഷ്ടമായ ഒരുപിടി പെൺകുട്ടികളുടെ മുഖവും പേരുമൊക്കെ നമ്മുടെ ഓർമയിലേക്കു കടന്നുവരുന്നുമുണ്ടാവും. ഉയരെ എന്ന സിനിമയുടെ കേന്ദ്രഭാഗം ഇത്തരത്തിലുള്ളതായിരുന്നു.

കാമുകന്റെ പ്രവൃത്തികൾ അസഹനീയമായിക്കഴിഞ്ഞപ്പോൾ പിരിയാം എന്ന മാർഗം മുന്നോട്ടുവച്ചത് നായികയായിരുന്നു. സംശയാലുവും പൊസസീവുമായ അയാളുമായുള്ള തുടർജീവിതം ഗുണകരമായിരിക്കില്ല എന്ന തിരിച്ചറിവിൽനിന്നുകൊണ്ടാണ് പല്ലവി അത്തരമൊരു തീരുമാനമെടുക്കുന്നത്. അവൾ തനിക്കു നഷ്ടപ്പെട്ടുവെന്ന അസഹിഷ്ണുതയും അവൾ മറ്റാരുടേതെങ്കിലുമാവുമെന്ന അസൂയയും ചേർന്ന് അവളുടെ മുഖത്തേക്ക് ആസിഡ് വലിച്ചെറിഞ്ഞ് അവളുടെ ജീവിതം തകർക്കാനാണ് കാമുകൻ ശ്രമിക്കുന്നത്. മുഖം തകർക്കാനല്ലാതെ ജീവിതം തകർക്കാൻ അയാൾക്കാവില്ലെന്ന് അവൾ അയാളെ പഠിപ്പിച്ചുകൊടുക്കുന്നിടത്താണ് സിനിമ അവസാനിക്കുന്നത്.

2023 ൽ എത്തിനില്ക്കുമ്പോൾ പ്രണയം അതിന്റെ ഏറ്റവും ഭയാനകമായ വേർഷൻ സ്വീകരിച്ചിരിക്കുന്നതായിട്ടാണ് കേരള സ്റ്റോറി എന്ന സിനിമ പറയുന്നത്. നിശ്ചിതലക്ഷ്യത്തോടും ദുഷ്ടലാക്കോടുംകൂടി പെൺകുട്ടികളെ പ്രണയത്തിൽ അകപ്പെടുത്തുകയും പിന്നീട് തീവ്രവാദ പ്രവർത്തനങ്ങൾക്കും ലൈംഗികഅടിമകളായും മാറ്റുകയും ചെയ്യുന്ന പ്രണയച്ചതികളുടെ ഞെട്ടിക്കുന്ന വിവരങ്ങളാണു സിനിമ പറയുന്നത്.

കേരളത്തിൽ നടന്നതെന്നു പറയുന്ന ചില സംഭവങ്ങളുടെ ചുവടുപിടിച്ചാണ് സിനിമയെടുത്തിരിക്കുന്നത്. വലിയൊരു സംഖ്യ പെൺകുട്ടികൾ ഇപ്രകാരം മതംമാറ്റത്തിനു വിധേയരായിട്ടുണ്ട് എന്നും കണക്കുകൾ നിരത്തി ചിത്രം സ്ഥാപിക്കുന്നുണ്ട്. കണക്കുകളെ ചൊല്ലിയുള്ള വിവാദങ്ങൾക്കൊടുവിൽ സംഖ്യ തിരുത്തിക്കൊണ്ട് സിനിമയുടെ പിന്നണിപ്രവർത്തകർ വന്നെങ്കിലും ചിത്രാന്ത്യത്തിൽ കാണിക്കുന്നത് ആദ്യം പറഞ്ഞ കണക്കുതന്നെയാണ്.

അതെന്തുമാവട്ടെ, പരിപാവനമായ പ്രണയത്തെ ഇത്തരത്തിൽ മാറ്റിയെടുക്കുന്നത് ആരായാലും, ഒരേയൊരു സംഭവമാണു നടന്നിട്ടുള്ളതെങ്കിൽപ്പോലും അതിനെ ന്യായീകരിക്കാനാവില്ല. മാത്രവുമല്ല, നമ്മുടെ പെൺകുട്ടികളും കുടുംബവും നിതാന്തജാഗ്രതപുലർത്തേണ്ട സമയംകൂടിയായി ഇത്തരം അടയാളങ്ങൾ മുന്നറിയിപ്പു നല്കുന്നുണ്ട്. സ്വന്തം കൂട്ടുകാരികളെപ്പോലും കണ്ണടച്ചു വിശ്വസിക്കരുതെന്നുകൂടി ഈ സിനിമ പറയുന്നു. എങ്ങനെയും എവിടെവച്ചും ചതിക്കപ്പെടാം എന്നും മിന്നുന്നതെല്ലാം പൊന്നല്ലെന്ന തിരിച്ചറിവും നമ്മുടെ പെൺകുട്ടികൾക്കു മുമ്പെന്നത്തെക്കാളും ഇന്നു കൂടുതലായി ആവശ്യമുണ്ട്.



ഇന്നലെക്കണ്ട ഒരുവൻ രണ്ടുതവണ ചിരിച്ചുകാണിച്ചു, മൂന്നാം തവണ അവൻ പ്രണയാഭ്യർഥന നടത്തി, അവന്റെ കായികഭംഗിയിലും പുറംമോടിയിലും ഭ്രമിച്ചു വശായി സ്വയം സമർപ്പിക്കാനും സ്വകാര്യചിത്രങ്ങൾ പോലും മടിയില്ലാതെ അയച്ചുകൊടുക്കാനും തയ്യാറാവുന്ന പെൺകുട്ടികളുടെ മനശ്ശാസ്ത്രം അതിശയിപ്പിക്കുന്നതാണ്. അതു കൃത്യമായും പഠനത്തിനു വിധേയമാക്കേണ്ടതുപോലുമുണ്ട്. ഇങ്ങനെയുള്ള ചതിയുടെ നിരന്തരമായ കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുമ്പോഴും വീണ്ടും വീണ്ടും പെൺകുട്ടികൾ ഇതേ സംഭവം ആത്മബോധത്തോടെതന്നെ ചെയ്തുകൊണ്ടിരിക്കുന്നുവെന്നതാണ് ഖേദകരം.

ചതിക്കുന്നതെല്ലാം മറ്റൊരുവളുടെ കാമുകൻ. തന്റെ കാമുകൻ ഈ ലോകത്തിലേക്കുവച്ചേറ്റവും നല്ലവൻ. ഇതാണ് അവരുടെ മട്ട്. പ്രണയത്തിന്റെ അഗ്നിനാളങ്ങളിൽ ഈയാംപാറ്റകളെപ്പോലെ വന്നടിഞ്ഞു കരിഞ്ഞു വീഴേണ്ടവരല്ല നിങ്ങൾ. ആത്മാഭിമാനത്തോടെ മാനവും സ്വപ്നങ്ങളും ഒരുവന്റെ മുമ്പിലും അടിയറവു വയ്ക്കാതെ നിവർന്നുനിന്ന് ജീവിതത്തെ അഭിമുഖീകരിക്കേണ്ടവരാണ്.

പ്രേമിക്കുന്നതു തെറ്റാണെന്നു പറയുന്നില്ല, പ്രേമം തോന്നുന്നതു സ്വാഭാവികവും. പക്ഷേ, ആരെയാണു പ്രേമിക്കുന്നതെന്നതു പ്രധാനപ്പെട്ടതാണ്. നിങ്ങളെ ഇതുവരെയെത്തിച്ച മാതാപിതാക്കൾക്കു നിങ്ങൾക്കു നല്ലൊരു ജീവിതപങ്കാളിയെ സമയത്തിന്റെ പൂർണതയിൽ കണ്ടെത്തിത്തരുവാൻ കഴിയില്ലെന്നു കരുതുന്നുണ്ടോ?

പ്രണയത്തിന്റെ പേരിൽ സ്വന്തം ജീവിതം നശിപ്പിക്കാതെയും കുടുംബത്തെ കണ്ണീരുകുടിപ്പിക്കാതെയും പെൺകുട്ടികൾക്കു മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ... അതെന്തായാലും, പ്രണയം ഒരു പെൺകുട്ടിയെ എങ്ങനെയെല്ലാം കശക്കിയെറിയുമെന്നു മനസ്സിലാക്കാൻ ഇതുപോലെയുള്ള സിനിമകളെ നമ്മുടെ പെൺകുട്ടികൾ പാഠപുസ്തകമാക്കേണ്ടതാണ്.

സിനിമ നല്ലതോ ചീത്തയോ ഗൂഢലക്ഷ്യത്തോടു കൂടിയതോ ആകട്ടെ, ആ സിനിമയിൽനിന്ന് തനിക്കു തിരുത്താനും പഠിക്കാനും എന്താണുള്ളതെന്നു മനസ്സിലാക്കുക. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കഠിനാധ്വാനമോ വയലിലെ വേലയോ വെറുക്കരുത്; അത്യുന്നതൻ നിശ്ചയിച്ചതാണ് അത്.

പ്രഭാഷകൻ 7:15

**എഡിറ്റോറിയൽ**

# ആൾക്കൂട്ടക്കൊലയ്ക്ക് അറുതിയില്ലെന്നോ?

**ആ**ൾക്കൂട്ടക്കൊലപാതകങ്ങൾ 'സാംസ്കാരികകേരള'ത്തിൽ തുടർക്കഥയാകുമ്പോൾ ഓരോ മലയാളിയും അപമാനഭാരത്താൽ ലജ്ജിച്ചു തലതാഴ്ത്തിയേ മതിയാവൂ. മുമ്പു മധുവും വിശ്വനാഥനും ആൾക്കൂട്ടമർദനത്തിനിരയായി ജീവൻ വെടിയേണ്ടിവന്നപ്പോൾ നാണിച്ചുകുമ്പിട്ടുപോയ കേരളത്തിൽ ഇപ്പോൾ ആ വലിയ പിഴ ആവർത്തിച്ചിരിക്കുന്നു.


സ്വപ്നങ്ങൾ സ്വന്തം നാട്ടിലും ജീവിതം മറുനാട്ടിലുമായ ഇന്ത്യയിലെ ലക്ഷക്കണക്കിനു ചെറുപ്പക്കാരിലൊരാളാണ് ഈയിടെ ആൾക്കൂട്ടം മർദിച്ചുകൊന്ന ബീഹാർസ്വദേശി രാജേഷ് മാഞ്ചി എന്ന മുപ്പത്താറുകാരൻ. മലപ്പുറം കൊണ്ടോട്ടി കിഴിശ്ശേരിയിൽ ഇക്കഴിഞ്ഞ ശനിയാഴ്ച (മേയ് 13)യായിരുന്നു ആ കൊടുംകൊല അരങ്ങേറിയത്. മോഷണക്കുറ്റം ആരോപിച്ചാണ് ജോലി തേടി 'ദൈവത്തിന്റെ സ്വന്തം നാട്ടി'ലെത്തിയ അതിഥിത്തൊഴിലാളിയെ കേരളം 'കൈകാര്യം' ചെയ്തത്. ആക്രോശിച്ചാക്രമിക്കുന്ന ആൾക്കൂട്ടത്തെ പറഞ്ഞു മനസ്സിലാക്കാൻ ഭാഷപോലും നേരേ ചൊവ്വേ വശമില്ലാത്ത ഒരു നിസ്സഹായന്റെ നിലവിളിക്കുമുമ്പിൽ നീതികേരളം കണ്ണടച്ചുകളഞ്ഞു! ചോദിക്കാൻ ആരുമില്ലെന്നും തിരിച്ചൊന്നും ചെയ്യില്ലെന്നുമുള്ള ധാർഷ്ട്യമാകാം ആ ശരീരത്തിൽ കൈത്തരിപ്പുതീർക്കാൻ അക്രമികളെ പ്രേരിപ്പിച്ചത്.

ഉത്തരേന്ത്യയിൽമാത്രം കേട്ടുകേൾവിയുള്ള ആൾക്കൂട്ടവിചാരണകളും കൊലപാതകങ്ങളും ഇപ്പോൾ കേരളത്തിലും പതിവായിരിക്കുന്നു. 2018 ഏപ്രിൽ 22 നാണ് അട്ടപ്പാടിയിലെ മധുവെന്ന ആദിവാസി യുവാവിനെ മോഷണക്കുറ്റമാരോപിച്ച് ആൾക്കൂട്ടം തല്ലിയും ചവിട്ടിയും കൊന്നത്. കഴിഞ്ഞ ഫെബ്രുവരി 11 ന് ഫോൺ മോഷ്ടിച്ചെന്ന സംശയത്തിന്റെ പേരിൽ ആൾക്കൂട്ടം വിചാരണ ചെയ്തതിനൊടുവിലാണ് അപമാനഭാരത്താൽ കല്പറ്റ സ്വദേശി വിശ്വനാഥൻ തൂങ്ങിമരിച്ചത്. മൂന്നുമാസത്തിനിപ്പുറം മലപ്പുറത്ത് ബീഹാർ സ്വദേശി രാജേഷ് മാഞ്ചിയെയും മോഷണക്കുറ്റത്തിന്റെ പേരിലാണ് ആൾക്കൂട്ടം തല്ലിക്കൊന്നത്. തികച്ചും നിരാലംബരായ മനുഷ്യരെ മർദിക്കാനും കൊന്നുകളയാനുമുള്ള ക്രൂരമനസ്സ് ആളുകളിൽ വർധിച്ചുവരുന്നത് നാം ഗൗരവത്തോടെ കാണണം.

നിയമം കൈയിലെടുക്കാൻ ആർക്കും അധികാരമില്ലെന്നിരിക്കേ, സദാചാരപ്പോലീസ് ചമഞ്ഞുള്ള മർദനങ്ങൾ അന്യസംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും വ്യാപകമാകുന്നു. മോഷണശ്രമമോ മറ്റെന്തു കുറ്റകൃത്യമോ ആയിക്കൊള്ളട്ടെ, നാട്ടുകൂട്ടങ്ങളും ആളധികാരവും ചേരുന്നിടത്ത് സ്വയംവിധി നടപ്പാക്കാമെന്ന് ആരെങ്കിലും ധരിച്ചുവയ്ക്കുന്നുണ്ടെങ്കിൽ ഇന്നാട്ടിലെ ഭരണകൂടം അതു ചെറുത്തുതോല്പിച്ചേ പറ്റൂ. കുറ്റകൃത്യങ്ങൾ നിയമവ്യവസ്ഥയ്ക്കു പുറത്തു കൈകാര്യം ചെയ്യുന്ന പ്രവണതയ്ക്ക് അറുതിയുണ്ടാകണം.

കേരളത്തിൽനിന്ന് നമ്മുടെ എത്രയോ ചെറുപ്പക്കാരാണ് തൊഴിലന്വേഷിച്ചു പുറംനാടുകളിലേക്കു പലായനം ചെയ്തിരിക്കുന്നത്. അവരെപ്പോലെ തന്നെയാണ് അന്യസംസ്ഥാനങ്ങളിൽനിന്ന് ഇവിടേക്കു കുടിയേറിയിരിക്കുന്നവരെയും നാം പരിഗണിക്കേണ്ടത്. പണിയെടുത്തു പട്ടിണിയകറ്റാൻ വൻപ്രതീക്ഷയോടെ കടന്നുവന്നിരിക്കുന്ന ഇക്കൂട്ടരെ അതിഥിത്തൊഴിലാളികളെന്നാണ് നമ്മൾ കേരളീയർ വിശേഷിപ്പിക്കുന്നത്. അതിഥിയായി കാണേണ്ടതിനുപകരം അധഃസ്ഥിതനായി കാണുന്നുണ്ടെങ്കിൽ കാഴ്ചയ്ക്കും കാഴ്ചപ്പാടുകൾക്കും തിമിരം ബാധിച്ചുവെന്നർഥം. നിറത്തിന്റെയും ജാതിയുടെയും പണത്തിന്റെയും മറ്റും പേരിലുള്ള ഉച്ചനീചത്വം അവസാനിപ്പിക്കണം. ആദരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഇത്തിരി മനുഷ്യപ്പറ്റോടെ പെരുമാറാനെങ്കിലുമുള്ള മാനസികാവസ്ഥ നമ്മുടെ പൊതുബോധത്തിൽ ഇടം നേടിയിരുന്നെങ്കിൽ! ■




## യേശു – ബൈബിളിലെ നാലു സുവിശേഷങ്ങളിൽ

ഗ്രന്ഥകർത്താ : സി.എ. പിവി ചാക്കോ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 150

പണ്ട് എ.ഡി. 160 ൽ ടാഷിയാൻ എന്ന സൈദ്ധാന്തികൻ മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവർ ക്രിസ്തുവിനെപ്പറ്റി രചിച്ച നാലു സുവിശേഷങ്ങളുംകൂടി ഒന്നാക്കാൻ ശ്രമിച്ചു. 'Diatessaron' എന്ന പേരിൽ! പലതും വിട്ടുകളയുകയും ഇടയ്ക്കു സ്വന്തം വാചകങ്ങൾ ചേർക്കുകയും ചെയ്തതിനാൽ കത്തോലിക്കാസഭ അതു തള്ളി. പിന്നീട് ഇപ്പോഴാണ് ബൈബിളിന്റെ ചരിത്രത്തിൽ നാലുംകൂടി ശരിയാംവണ്ണം മനോഹരമായി സമന്വയിപ്പിച്ചുകൊണ്ട് സി.എ. പി.വി. ചാക്കോ, തന്റെ 2015 മുതലുള്ള പരിശ്രമത്തിന്റെ ഫലമായി ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്.

പ്രകാശനം നിർവഹിച്ചത് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവാണ്. 2023 ലെ ഓശാനദിവസം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചായിരുന്നു അത്.

കെസിബിസി പ്രസിഡന്റും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാധ്യക്ഷനുമായ അഭിവന്ദ്യ കർദിനാൾ മാർ ക്ലീമിസ് ബാവയാണ് അവതാരിക എഴുതിയിരിക്കുന്നത്. കെസിബിസി മുൻപ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ മെത്രാപ്പോലീത്തായുമായിരുന്ന സൂസപാക്യം തിരുമേനിയുടേതാണ് അനുഗ്രഹസന്ദേശം.

'ക്രിസ്തുവിന്റെ അദ്ഭുതപ്രവർത്തനങ്ങൾ', ക്രിസ്തുവിനോടുള്ള ചോദ്യങ്ങളും നലംതികഞ്ഞ മറുപടികളും 'ക്രിസ്തുവിന്റെ പ്രബോധനങ്ങൾ', 'ക്രിസ്തുവിന്റെ ജീവചരിത്രം' എന്നിങ്ങനെ തരംതിരിച്ചാണ് ശ്രീ. ചാക്കോ ക്രിസ്തുവിനെ അവതരിപ്പിച്ചിരിക്കുന്നത്. മാത്രവുമല്ല, ഓരോ ഭാഗത്തും വളരെ സവിശേഷമായ ഉള്ളടക്കപ്പെട്ടികകളുമുണ്ട്. അതിനാൽ ബൈബിളിലെ ഏതു ഭാഗവും പകർത്താനും പുസ്തകത്തിൽനിന്നു കൃത്യം വാചകങ്ങൾ പെട്ടെന്നു കണ്ടുപിടിക്കാനും ഉപകരിക്കുംവിധം ഇതൊരു റഫറൻസ് ഗ്രന്ഥംകൂടിയാണ്.

# കെ.എം. മാത്യു കല്ലറങ്ങാട്ടിന് ആയിരങ്ങളുടെ യാത്രാമൊഴി



കയ്യൂർ: പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ പിതാവ് അന്തരിച്ച കെ.എം. മാത്യുവിന് (കുട്ടിച്ചേട്ടൻ) ആയിരങ്ങളുടെ യാത്രാമൊഴി. കയ്യൂർ ക്രിസ്തുരാജദൈവാലയത്തിലും വീട്ടിലും മേയ് 11 നു നടന്ന സംസ്കാരശുശ്രൂഷയിൽ സീറോ മലബാർ സഭയിലെയും ലത്തീൻ, മലങ്കര സഭകളിലെയും ബിഷപ്പുമാർ, വൈദികർ, സന്ന്യസ്തർ, അല്മായപ്രമുഖർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ പങ്കെടുത്തു.

വീട്ടിലെ തിരുക്കർമങ്ങൾക്ക് മാർ ജോസഫ് പള്ളിക്കാപറമ്പിലും പള്ളിയിൽ കെ.സി.ബി.സി. പ്രസിഡന്റും മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ്പുമായ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവയും മുഖ്യകാർമികത്വം വഹിച്ചു. ആർച്ചുബിഷപ്പുമാരായ മാർ ജോസഫ് പാംപ്ലാനി, മാർ ജോർജ് വലിയമറ്റം, മാർ മാത്യു മൂലക്കാട്ട്, ബിഷപ്പുമാരായ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ ജോസ് പുളിക്കൻ, മാർ ജേക്കബ് മുരിക്കൻ, മാർ ജെയിംസ് അത്തിക്കളം, മാർ തോമസ് തറയിൽ, മാർ തോമസ് പാടിയത്ത്, മാർ പോളികാർപോസ്, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ, ഗീവർഗീസ് മാർ അപ്രേം, യൂഹനോൻ മാർ തിയോഡോഷ്യസ്, ഏബ്രാഹം മാർ യൂലിയോസ്, വികാരി ജനറാൾമാരായ മോൺ. ജോസഫ് തടത്തിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ തുടങ്ങിയവർ പ്രാർഥനാശുശ്രൂഷകളിൽ പങ്കെടുത്തു.

മന്ത്രിമാരായ വി.എൻ. വാസവൻ, റോഷി അഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എം.പി. മാരായ ആന്റോ ആന്റണി, തോമസ് ചാഴികാടൻ, ജോസ് കെ. മാണി, എം.എൽ.എ. മാരായ പി. ജെ. ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മാണി സി. കാപ്പൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ജോബ് മൈക്കിൾ, സെബാസ്റ്റ്യൻ കുളത്തുങ്കൽ തുടങ്ങിയ രാഷ്ട്രീയ–സാമൂഹിക–സാംസ്കാരികരംഗത്തെ ഒട്ടേറെ പ്രമുഖർ അന്തിമോപചാരം അർപ്പിക്കാനെത്തിയിരുന്നു.

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി സംസ്കാരത്തലേന്ന് പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെത്തി പരേതന് അന്തിമോപചാരം അർപ്പിക്കുകയുണ്ടായി.

# ഒളിമ്പിക്സ് വേദിയാകാൻ ഇന്ത്യ !



സനിൽ പി. തോമസ്

**ലോ**കത്തിലെ ഏറ്റവുമധികം ജനസംഖ്യയുള്ള രാജ്യമായി മാറിക്കഴിഞ്ഞ ഇന്ത്യ ലോകത്തിലേക്കും വലിയ ജനാധിപത്യരാജ്യവുമാണ്. 2023 ലെ ജി 20 അധ്യക്ഷസ്ഥാനവും വഹിക്കുന്നു. സൈനിക, സാമ്പത്തികശക്തിയായി മാറിക്കഴിഞ്ഞ ഇന്ത്യ കായികരംഗത്തും കരുത്തു കാട്ടിക്കഴിഞ്ഞു. ഹോക്കിയിലും ക്രിക്കറ്റിലും ചെസിലുമൊക്കെ ലോകകിരീടനേട്ടങ്ങൾ കൈവരിച്ച രാജ്യം ഒളിമ്പിക്സിലും മെഡൽപ്പട്ടികയിൽ സ്ഥിരം സാന്നിധ്യമായി മാറിക്കൊണ്ടിരിക്കുന്നു. ഹോക്കിയിൽ എട്ട് ഒളിമ്പിക്സ് സ്വർണത്തിന്റെ തിളക്കമാർന്ന ചരിത്രമുള്ള ഇന്ത്യയ്ക്ക് അഭിനവ് ബിന്ദ്രയിലൂടെ ഷൂട്ടിങ്ങിലും നീരജ് ചോപ്രയിലൂടെ അത്‌ലറ്റിക്സിലും ഒളിമ്പിക് വ്യക്തിഗത സ്വർണം സ്വന്തമായി. ഇനി ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കാൻ ശ്രമം തുടങ്ങുകയാണ് ഇന്ത്യ.

ഒളിമ്പിക്സ് വേദിക്കായി അപേക്ഷിക്കാൻ ഇന്ത്യ ഒരുങ്ങുകയാണ്. 'സ്പോർട്സ്സ്റ്റാർ' സംഘടിപ്പിച്ച നാഷണൽ സ്പോർട്സ് കോൺക്ലേവിൽ കേന്ദ്രസ്പോർട്സ് മന്ത്രി അനുരാഗ് ഠാക്കൂർ ഇക്കാര്യം പരസ്യമാക്കുകയും ചെയ്തു. 2036 ലെ ഒളിമ്പിക്സിനു വേദിയാകാൻ അഹമ്മദാബാദ് നഗരത്തെയാകും ഇന്ത്യ ഉയർത്തിക്കാട്ടുക എന്നാണു സൂചന. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രത്യേക താത്പര്യം ഇക്കാര്യത്തിൽ ഉണ്ട് എന്നു വിശ്വസിക്കാം. രാജ്യാന്തര ഒളിമ്പിക് കമ്മിറ്റിയുടെ (ഐ.ഒ.സി.) സെഷൻ ഈ വർഷം മുംബൈയിൽ നടക്കുന്നുണ്ട്. ഐ.ഒ.സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ നിത അംബാനിയുടെ താത്പര്യമാകണം മുംബൈ വേദിയാകാൻ കാരണം. 1983 ൽ ന്യൂഡൽഹി ആതിഥ്യം വഹിച്ചതിനുശേഷം ആദ്യമായാണ് ഐ.ഒ.സി. സെഷന് ഇന്ത്യ വേദിയൊരുക്കുന്നത്. മുംബൈ സെഷനിൽ ഒളിമ്പിക്സ് നടത്താനുള്ള ഇന്ത്യയുടെ താത്പര്യം പരസ്യമാക്കപ്പെടും.


1951 ൽ പ്രഥമ ഏഷ്യൻ ഗെയിംസിന് ആതിഥേയത്വം വഹിച്ച ഇന്ത്യ 1982 ൽ ന്യൂഡൽഹിയിൽത്തന്നെ വീണ്ടും ഏഷ്യൻ ഗെയിംസ് വിജയകരമായി നടത്തി. 2010 ൽ ന്യൂഡൽഹിയിൽ കോമൺവെൽത്ത് ഗെയിംസും ഇന്ത്യ നടത്തി. ഗെയിംസ് വലിയ വിജയമായിരുന്നെങ്കിലും അതിനോടനുബന്ധിച്ച് ഉയർന്ന അഴിമതിയാരോപണങ്ങൾ ഇന്ത്യയുടെ സംഘടനാമികവിന്റെ നിറം കെടുത്തി. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനിലെയും സംഘാടകസമിതിയിലെയും പ്രമുഖർ പലരും ജയിലിലും കിടന്നു.

ഒളിമ്പിക്സിനും ലോകകപ്പ് ഫുട്ബോളിനുമൊക്കെ വേദികൾ അനുവദിച്ചതിൽ പല തവണ അഴിമതിയാരോപണങ്ങൾ ഉയർന്നിട്ടുണ്ട്. പക്ഷേ, ഒരു രാജ്യാന്തര കായികമേള സംഘടിപ്പിച്ചതിൽ ന്യൂഡൽഹി കോമൺവെൽത്ത് ഗെയിംസ്പോലെ വ്യാപക അഴിമതിയാരോപണങ്ങൾ മറ്റെങ്ങും ഉയർന്നുകാണില്ല. ഒളിമ്പിക്സ് എന്ന മഹാമേളയുടെ വേദിക്കായുള്ള മത്സരത്തിൽ പങ്കെടുക്കാൻ ഒരുങ്ങുമ്പോൾ അഴിമതിരഹിതമായി അതു നടത്തുമെന്ന ആത്മവിശ്വാസം ഇന്ത്യയ്ക്കുണ്ടാകണം.

1996 ലെ അറ്റ്ലാന്റ ഒളിമ്പിക്സ് മുതൽ മെഡൽപട്ടികയിൽ ഇന്ത്യ സ്ഥിരമായി സ്ഥാനം നേടുന്നു. 2008 മുതൽ ഒന്നിലധികം മെഡലും നേടുന്നു. ഹോക്കിക്ക് അപ്പുറം ഇന്ത്യയ്ക്ക് ഒരു ഒളിമ്പിക്സ് മെഡൽ ആദ്യമായി കിട്ടിയത് 1952 ൽ ഹെൽസിങ്കിയിലാണ്. അന്നു ഗുസ്തിയിൽ ജെ.ഡി. ജാദവ് നേടിയ വെങ്കലം രാജ്യത്തെ മുഴുവൻ ഉണർത്തി. ഇന്നാകട്ടെ, ഗുസ്തിക്കു പുറമേ ടെന്നീസ്, ഷൂട്ടിങ്, ബോക്സിങ്, ബാഡ്മിന്റൻ, അത്‌ലറ്റിക്സ് തുടങ്ങിയ ഇനങ്ങളിലെല്ലാം ഇന്ത്യ മെഡൽ നേടിക്കഴിഞ്ഞു. ഇപ്പോഴും കരുത്തുകാട്ടുന്നു.

സംഘാടകതലത്തിൽ നോക്കിയാൽ പോയവർഷം ചെന്നൈയിൽ നാല്പത്തിനാലാമത് ഫിഡെ ചെസ് ഒളിമ്പ്യാഡ് വിജയകരമായി നടത്തി. റഷ്യ ആതിഥ്യം വഹിക്കേണ്ട ചെസ് ഒളിമ്പ്യാഡ് റഷ്യയുടെ യുക്രെയ്ൻ ആക്രമണത്തെത്തുടർന്ന് റഷ്യയിൽനിന്നു മാറ്റുകയായിരുന്നു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ചെസ് ഒളിമ്പ്യാഡ് സംഘടിപ്പിച്ചു വിജയിപ്പിക്കാൻ നമുക്കു സാധിച്ചു. മാത്രമല്ല, 75 നഗരങ്ങൾ ചുറ്റിയ ദീപശിഖാറാലി ഇനിയുള്ള ചെസ് ഒളിമ്പ്യാഡുകളിലെല്ലാം ചെസിനു തുടക്കമിട്ട ഇന്ത്യയിൽനിന്നു തുടങ്ങാൻ ഫിഡെ പ്രസിഡന്റ് പ്രഖ്യാപിച്ചതും വലിയ അംഗീകാരമായി.

2017 ൽ ഫിഫ അണ്ടർ 17, ആൺകുട്ടികളുടെ ലോകകപ്പ് നടത്തിയ ഇന്ത്യ കഴിഞ്ഞവർഷം അണ്ടർ 17 പെൺകുട്ടികളുടെ ലോകകപ്പും സംഘടിപ്പിച്ചു. കളിക്കളത്തിൽ ഇന്ത്യ പരാജയപ്പെട്ടെങ്കിലും സംഘടനാതലത്തിൽ രണ്ടു ലോകകപ്പും വിജയമായിരുന്നു. ഐ.ബി.എയുടെ വനിതാ ബോക്സിങ് ലോക ചാമ്പ്യൻഷിപ്പിന് 2006 ലും ഈ വർഷവും ന്യൂഡൽഹി ആതിഥേയത്വം വഹിച്ചു.



ടേബിൾ ടെന്നീസിൽ ഇന്ത്യ കരുത്താർജിച്ചുതുടങ്ങിയിട്ടേയുള്ളൂ. പക്ഷേ, 1952 ൽ മുംബൈയും 1975 ൽ കൊൽക്കത്തയും ലോകടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിനു വേദിയായി. ലോകകപ്പ് ക്രിക്കറ്റും ലോകകപ്പ് ഹോക്കിയും പല തവണ നമ്മൾ നടത്തി. പക്ഷേ, ഒളിമ്പിക്സ് എല്ലാറ്റിൽനിന്നും വ്യത്യസ്തമാണ്. ഇരുന്നൂറിലധികം രാജ്യങ്ങൾ പങ്കെടുക്കുന്ന മഹാമേളയാണ് ഒളിമ്പിക്സ്. ഏഷ്യൻ ഗെയിംസും കോമൺവെൽത്ത് ഗെയിംസും സംഘടിപ്പിച്ച അനുഭവം പിൻബലമാകും. പക്ഷേ, ഏറെ ദൂരം ബാക്കിയുണ്ട്. ഒളിമ്പിക് സമയത്ത് ലോകത്തിന്റെ കണ്ണും കാതും ഇന്ത്യയിലാകും. വേദിയാകുന്ന നഗരംമാത്രം ഒരുങ്ങിയാൽ പോരാ. രാജ്യം മുഴവനായി ഒരുങ്ങണം. അതിനുള്ള കരുത്ത് ഇന്ത്യയ്ക്കുണ്ട്. ഒരു സംശയവും വേണ്ട.

വൈവിധ്യമാർന്ന കായിക ഇനങ്ങൾ ഉൾപ്പെടുന്ന മഹാമേള സംഘടിപ്പിക്കുമ്പോൾ, ആതിഥേയരാജ്യം എപ്പോഴും പതിവിൽ കൂടുതൽ മികവു കാട്ടും; അഥവാ സാധാരണയിൽ കൂടുതൽ മെഡൽ നേടും. ഇത് കാണികളുടെ പിന്തുണകൊണ്ടു മാത്രമല്ല, വിവിധ ഇനങ്ങളിൽ കായികതാരങ്ങൾ കുറ്റമറ്റ പരിശീലനത്തിലൂടെയും രാജ്യാന്തരമത്സരപരിചയത്തിലൂടെയും സജ്ജരാകുന്നതുകൊണ്ടുമാണ്. മെഡൽസാധ്യയുള്ള ഇനങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തണം. ഇതിനെല്ലാമുള്ള ഒരുക്കങ്ങളും സമാന്തരമായി നടക്കണം.

2004 – 2005 ൽ കേവലം 466 കോടിയായിരുന്ന കേന്ദ്ര സ്പോർട്സ് ബജറ്റ് 2023–24 ൽ 3397.23 കോടിയായത് സ്പോർട്സ് മന്ത്രി ചൂണ്ടിക്കാട്ടിയിരുന്നു. മന്ത്രി പറഞ്ഞതുപോലെ ജി 20 യുടെ നടത്തിപ്പ് ഒളിമ്പിക്സ് സംഘടിപ്പിക്കുവാനുള്ള ചുവടുവയ്പ്പാകട്ടെ. അഹമ്മദാബാദ് ഒളിമ്പിക്സ് യാഥാർഥ്യമാവാൻ നമുക്കും പ്രാർഥിക്കാം.

## ഡോ. ജോർജ് തയ്യിലിന് ഔട്ട്സ്റ്റാൻഡിങ് അച്ചീവ്മെന്റ് അവാർഡ്



*കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരളഘടകത്തിന്റെ ഔട്ട്സ്റ്റാൻഡിങ് അച്ചീവ്മെന്റ് അവാർഡ് ഹൃദ്രോഗവിദഗ്ധനും എഴുത്തുകാരനുമായ ഡോ. ജോർജ് തയ്യിലിന് പ്രൊഫ. ഡോ. പ്രഭ നിനി ഗുപ്ത സമ്മാനിക്കുന്നു.*

കൊച്ചി: കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഘടകത്തിന്റെ 'ഔട്ട്സ്റ്റാൻഡിങ് അച്ചീവ്മെന്റ് അവാർഡ്' ഹൃദ്രോഗവിദഗ്ധനും എഴുത്തുകാരനുമായ ഡോ. ജോർജ് തയ്യിൽ കരസ്ഥമാക്കി.

'സ്വർണ്ണം അഗ്നിയിലെന്ന പോലെ – ഒരു ഹൃദ്രോഗവിദഗ്ധന്റെ ജീവിതസഞ്ചാരക്കുറിപ്പുകൾ' എന്ന ആത്മകഥയ്ക്കാണു പുരസ്കാരം.

കുമരകത്തു നടന്ന കാർഡിയോളജിക്കൽ സൊസൈറ്റിയുടെ വാർഷികസമ്മേളനത്തിൽ പ്രസിഡന്റ് പ്രഫ. ഡോ. പ്രഭ നിനി ഗുപ്ത പുരസ്കാരം സമ്മാനിച്ചു.

2022 ലെ മികച്ച ഗ്രന്ഥത്തിനുള്ള ഉഗ്മ സാഹിത്യ അവാർഡ് ലഭിച്ച കൃതിയാണിത്. ഡി സി ബുക്സാണ് പ്രസാധകർ. ഹൃദ്രോഗ ചികിത്സാരംഗത്ത് പ്രശസ്തനായ ഡോ. ജോർജ് തയ്യിൽ, പത്രപ്രവർത്തകനായാണ് ഔദ്യോഗികജീവിതം ആരംഭിച്ചത്. ഡോ. ജോർജ് തയ്യിൽ എറണാകുളം ലൂർദ് ആശുപത്രിയിലെ ഹൃദ്രോഗവിഭാഗത്തിന്റെ സ്ഥാപകതലവനും സീനിയർ കൺസൾട്ടന്റുമാണ്.

# PALA STEEL & CEMENTS

**Market Road, Pala**

**Ph: 04822-212977, 211882, 9447114015, 9778137731**

Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

34 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം പൊൻകുന്നം

Ph: 9495195739, 9495021259

**HINDI TTC**

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു

+2 Science commerce humanities

6 മാസംകൊണ്ട് +2, 10

നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes



60 Years Trust
KTS PRODUCTS SINCE 1995

# Tastit

ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

# കൊട്ടത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ - റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,

Phone: 212498 , 211028

സഹോദരസ്ഥാപനം:

# മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ



# HOT WHEELS



BICYCLES, E-BIKES, TYRES, SPARES, ACCESSORIES

Kattakayam Building, Kattakayam Road, Palai
+(91) 7025603991
hwpalai@gmail.com

Deepanalam Weekly
RNI No : 16998/68
Vol. 56 No. 12 Date of Publication 18 May 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org